

# ഹൈദ്രോസ് കാക്കയുടെ കട പൊളിക്കരുതായിരുന്നു
## – ഒരു വികസന വിരോധിയുടെ ആത്മഗതം

▸ സഊദ് ഹമദാനി വടുതല, ദമ്മാം

പൂഴി ചുവപ്പുള്ള പഞ്ചായത്ത് റോഡ് ടാറിടും
ചുവപ്പ് മാറി കറുത്ത റോഡ് വന്നാൽ കച്ചവടം കൂടും
ചായക്കടക്കാരൻ ഹൈദ്രോസ് കാക്കയ്ക്കും സന്തോഷം

റോഡ് ടാറിനാൽ കറുത്തു
വാഹനങ്ങൾ പെരുകി
റോഡരുകിലും ഗ്രാമത്തിലും
കോൺക്രീറ്റ് കാടുകൾ ഉയർന്നു



ഗ്രാമവാസികൾ പുത്തൻ പരിഷ്ക്കാരികളായി
ബർഗറും കെന്റക്കിയും ഇല്ലാത്ത-
ഹൈദ്രോസിന്റെ കട പഴഞ്ചൻ എന്ന് ന്യൂ ജനറേഷൻ

കഴിഞ്ഞ ദിവസം റോഡിന് വീതി കൂട്ടാൻ സർവേ
തെക്കേ പുറത്തെ ബാർ പൊളിക്കാതിരിക്കാൻ
വടക്കേ പുറത്തെ ഹൈദ്രോസിന്റെ കടയിലേക്ക്
സർവേ മീറ്റർ നീണ്ടു
വേണ്ട എന്നു പറയാൻ ആരുമില്ല- ഞാൻ
അന്നേ പറഞ്ഞതാ
ഏതെങ്കിലും യൂനിയനിൽ ചേരാൻ
പന്നി വെളുത്തത് ആണേലും
കറുത്തത് ആണേലും
ഞമ്മക്ക് ഹറാം എന്ന് ഹൈദ്രോസ്

ഇപ്പോൾ ടാർ ഇട്ട റോഡ്
നാല് വരിയായി
ഹൈദ്രോസിന്റെ കട
തവിട് പൊടിയായി
ഹൈദ്രോസും കുടുംബവും
വഴിയാധാരവുമായി

എങ്കിലും ഹൈദ്രോസിന്റെ
കട പൊളിക്കണ്ടായിരുന്നു
അത് ഗ്രാമത്തിന്റെ ഹൃദയം ആയിരുന്നു
ഞങ്ങളുടെ കൂടി ആലോചനകൾ
മനം തുറന്ന സംസാരങ്ങൾ
സുഖ ദുഃഖ കൈമാറ്റങ്ങൾ
മീത്തേല അഷ്റഫ് പേർഷ്യേന്ന് വന്നതും
ചാലേല അന്ത്രു പേർഷ്യക്ക് പറന്നതും,
കാവില കണാരന്റെ പശു പെറ്റതും
കൈതാട്ടെ ജോർജിന്റെ മോൾക്ക്
കല്യാണം ഉറച്ചതും
ആദ്യം അറിയുന്നത്
പുകയാൽ കറുത്ത ഹൈദ്രോസിന്റെ-
കടയിൽ വെച്ചായിരുന്നു..
കിഴക്കേ തറയിലെ കുഞ്ഞനന്തൻ
തല കറങ്ങി വീണപ്പോൾ - ഭാര്യ
സാവിത്രി പറഞ്ഞതും - മോളേ
ഹൈദ്രോസിന്റെ കടയിൽ പോയി പറയാൻ..
കേട്ട പാതി കേൾക്കാത്ത പാതി ആദ്യം എത്തിയതും
ആശുപത്രിയിൽ കൊണ്ട് പോയതും
ഹൈദ്രോസിന്റെ കടയിൽ ഉണ്ടായിരുന്നോർ!

വേണ്ടായിരുന്നു ഹൈദ്രോസിന്റെ കട പൊളിക്കണ്ടായിരുന്നു..
ഈ റോഡ് കറുക്കണ്ടായിരുന്നു..
നാല് വരി ആകണ്ടായിരുന്നു..
വയലും പുഴയും കുളവും തോടും തൊടിയുമുള്ള
വായനശാലയും കളിമുറ്റവും നന്മ മനസ്സുമുള്ള
ക്ഷേമം അന്വേഷിക്കുന്ന
ആപത്തിൽ ഓടി എത്തുന്ന
സ്നേഹങ്ങൾ പങ്കുവെക്കുന്ന
ആ പഴയ ഗ്രാമം മതിയായിരുന്നു ..

■